# AREEPARAMBU
# ST. MARY'S CHURCH



**അ**രീപ്പറമ്പിലെ സുറിയാനി ക്രിസ്ത്യാനികൾ, ഏഴുപതിറ്റാണ്ടുകൾക്കു മുമ്പ് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും പൗരോഹിത്യം സ്വീകരിച്ച മറ്റത്തിൽ തോമസ് കത്തനാരുടെ നേത്വത്തിൽ, പൂർവ്വിക വിശ്വാസവും പരിശുദ്ധ സിംഹാസന ബന്ധവും നിലനിർത്തുവൻ ഒരു ദേവാലയം സ്ഥാപിക്കുന്നതിനെക്കുറിച്ച് ദൈവത്തിൽ ആശ്രയിച്ച് ആലോചനകൾ നടത്തി.

സത്യവിശ്വാസതൽപ്പരനും ദൈവഭക്തനും ആയിരുന്ന പരേതനായ പാറയ്ക്കൽ കുര്യൻ, പിതൃസ്വത്തായി തനിക്ക് ലഭിച്ച പരിമിതമായ ഭൂമിയിൽ നിന്നും 20 സെന്റ് സ്ഥലം ദേവാലയ സ്ഥാപനത്തിനായി ദാനമായി നൽകി. വന്ദ്യനായ മറ്റത്തിലച്ചന്റെയും സത്യവിശ്വാസികളായ പിതാക്കന്മാരുടേയും സഹകരണത്തോടെ ഒരു ദേവാലയം നിർമ്മിക്കപ്പെടുകയും 1933 ജൂൺ മാസം 4–ാം തീയതി ഭാഗ്യസ്മരണാർഹനായ മിഖായേൽ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ദേവാലയത്തിൽ എഴുന്നള്ളി വി. ദൈവമാതാവിന്റെ നാമത്തിൽ ദേവാലയ കൂദാശ നടത്തി. വി.കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ആരംഭകാലങ്ങളിൽ പല അവസരങ്ങളിലും മണർകാട് പള്ളിയിലെ വന്ദ്യരായ വൈദികരും, ശുശ്രൂഷകരും ഈ പള്ളിയിൽ ശുശ്രൂഷകൾ നടത്തിയിട്ടുണ്ട്. ഇപ്പോഴും മണർകാട് പള്ളിയും, വൈദികരും ഈ പള്ളിയെ ഏറെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമത്രേ.

**വളർച്ച:** ആരംഭനാൾ മുതൽ സ്വർഗ്ഗീയ ഊർശ്ലേമിൽ പ്രവേശിച്ച നാൾവരേയും ഇടവകയേയും ഇടവക അംഗങ്ങളേയും പ്രാണനുതുല്യം സ്നേഹിച്ച മറ്റത്തിൽ തോമസ് കോറെപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ ഇടവക വളർച്ചയുടെ പടവുകൾ പലതും പിന്നിട്ടു. കാലാനുസൃതമായി ദേവാലയത്തിന്റെയും, സെമിത്തേരിയുടെയും വിപുലീകരണത്തിനായി വസ്തുവകകൾ വാങ്ങിച്ചു. ദേവാലയവും സൺഡേസ്കൂളും പുതുക്കിപണികഴിപ്പിച്ചു. പ്രദേശത്തിന്റെ അനുഗ്രഹത്തിനും കാവലിനുമായി അരീപ്പറമ്പ്, അമയന്നൂർ, ളാക്കാട്ടൂർ എന്നീ ഭാഗങ്ങളിൽ വി. ദൈവമാതാവിന്റെയും, പരുമല തിരുമേനിയുടെയും, മഞ്ഞിനിക്കര ബാവായുടെയും നാമത്തിൽ കുരിശിൻതൊട്ടികൾ സ്ഥാപിച്ചു. കുരിശിൻതൊട്ടികളിൽ ഞായറാഴ്ചകളിലും, ആദ്യവെള്ളിയാഴ്ചകളിലും സന്ധ്യാപ്രാർത്ഥന നടത്തിവരുന്നു. കറ്റുവെട്ടിക്കൽ മഞ്ഞിനിക്കര ബാവായുടെ നാമത്തിലുള്ള കുരിശിൻതൊട്ടിയിൽ രണ്ടാം ശനിയാഴ്ചകളിൽ വി. കുർബ്ബാന അർപ്പിച്ച് പള്ളിവക ഒരു ചാപ്പലായി പരിണമിച്ചിരിക്കുന്നു.

**വൈദികർ:** സ്ഥാപന ദിനം മുതൽ നിര്യാതനായ 1987 ഏപ്രിൽ മാസം 21-ാം തീയതിവരേയും ദേവാലയത്തിന്റെ സർവ്വസ്വവുമായിരുന്ന മറ്റത്തിൽ തോമസ് കോറെപ്പിസ്കോപ്പയെതുടർന്ന് യാക്കോബായ സുറിയാനി സഭയുടെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താമാരാൽ നിയോഗിക്കപ്പെടുന്ന വൈദികർ ദേവാലയത്തിന്റെ ശുശ്രൂഷകൾ നടത്തിവരുന്നു. ഇപ്പോൾ ഫാ. കുര്യാക്കോസ് പ്ലാംപറമ്പിലും, ഫാ. ഉലഹന്നാൻ പാറപ്പാട്ടും സേവനം അനുഷ്ഠിക്കുന്നു.

**ഇടവകാംഗങ്ങൾ:** 290 ഭവനക്കാർ ഇടവകക്കാരായുള്ള ദേവാലയത്തിൽ ഏറിയ ആളുകളും കൃഷിയെ അവലംബിച്ചു ജീവിച്ചുവരുന്നവരാണെങ്കിലും ഇന്ന് ഈ ഭവനങ്ങളിൽ ഏറിയ പങ്കും ഉദ്യോഗസ്ഥരായ മക്കളേയും കൊച്ചുമക്കളേയും, ശാസ്ത്ര സാങ്കേതിക, ആതുര ശുശ്രൂഷാ രംഗത്തിന് സംഭാവനയായി നൽകിയിട്ടുണ്ട്. സ്വദേശത്തും, വിദേശത്തും അർപ്പണബോധത്തോടെ സേവനം ചെയ്യുന്ന ഇവർ ദേവാലയത്തിന്റെ അഭിമാനമാണ്.

**ഇടവകയുടെ അഭിമാനം:** മലങ്കര സഭയുടെ കോട്ടയം-ബാഹ്യകേരള ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ് തിരുമനസ്സിന് ജന്മം നൽകിയതിനാൽ ഈ ഇടവക ആത്മീയ രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെടുന്ന ദേവാലയമായി നിലകൊള്ളുന്നു. അമേരിക്കയിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. തോമസ് കോറെപ്പിസ്കോപ്പയും, കോട്ടയം ഭദ്രാസനത്തിലെ ഷൈജു ജോസ് അച്ചനും ഇടവകയുടെ അഭിമാനമാണ്. അഭിഭാഷക, പത്രപ്രവർത്തന രംഗത്തും ബിസിനസ്സ്, ശാസ്ത്രീയ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവർക്കും ഈ ഇടവക ജന്മം നൽകിയിട്ടുണ്ട്.

**ഭക്തസംഘടനകൾ:** പള്ളിയോട് ചേർന്ന് സെന്റ് മേരീസ് എന്ന പേരിലും കറ്റുവെട്ടിക്കൽ മാർ ഇഗ്നാത്തിയോസ് എന്ന പേരിലും രണ്ട് സൺഡേസ്കൂളുകൾ പ്രവർത്തിക്കുന്നു. രണ്ട് സൺഡേസ്കൂളുകളിലുമായി 200ൽ പരം വിദ്യാർത്ഥികളും 30 ൽ പരം അദ്ധ്യാപകരും ഉണ്ട്.

**യൂത്ത് അസ്സോസിയേഷൻ:** ആരാധന, പഠനം, സേവനം, വിശ്വാസസംരക്ഷണം എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ കഴിഞ്ഞ 24 വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന മോർ ഇഗ്നാത്തിയോസ് യുവജന പ്രസ്ഥാനം ദേവാലയത്തിന്റെ അഭിമാനവും നാട്ടുകാരുടെ ആത്മമിത്രവും അത്രേ. ദേവാലയ പ്രവർത്തനങ്ങളിലും, ആതുരസേവന രംഗങ്ങളിലും, പഠനസഹായ രംഗത്തും ഭവനനിർമ്മാണ രംഗത്തും അവരുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

**മർത്തമറിയം വനിതാ സമാജം:** ദേവാലയത്തിലും, ഭവനങ്ങളിലും പ്രഭപരത്തുന്ന ദീപം കണക്കെ വനിതാ സമാജം ഇടവകയിൽ പ്രവർത്തിച്ചുവരുന്നു. വെള്ളിയാഴ്ച പ്രാർത്ഥനകളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും ഉള്ള സമാജ അംഗങ്ങളുടെ ഉത്സാഹം അഭിനന്ദനാർഹമാണ്.

**സേവാമിനിസ്ട്രി:** യാക്കോബായ സുറിയാനി സഭയുടെ ഔദ്യോഗിക സേവനവിഭാഗമായ സേവാ മിനിസ്ട്രിയുടെ യുണിറ്റ് ഈ ദേവാലയത്തിൽ പ്രവർത്തിച്ചുവരുന്നു. രോഗികളെ സന്ദർശിക്കുന്നതും, വിലാപഭവനങ്ങളിൽ കടന്നുചെന്ന് പ്രാർത്ഥിക്കുന്നതും, ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നതും, ഭക്തസംഘടനാ പ്രവർത്തനരംഗത്ത് വേറിട്ടമുഖത്തിന്റെ ഉടമകളാക്കി അവരെ മാറ്റിയിരിക്കുന്നു.

**സെന്റ് മേരീസ് ഓഡിറ്റോറിയം:** സാമൂഹ്യ പ്രതിബദ്ധതയ്ക്ക് നിദാനമായിതീരത്തക്കവണ്ണം സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ദൈനംദിന ആവശ്യങ്ങൾക്ക് ഉപകരിക്കുന്നതിന് വിപുലമായ ഒരു ഓഡിറ്റോറിയം ദേലാലയത്തിന്റെ ആഭിമുഖ്യത്തിൽ പണി കഴിപ്പിച്ചിട്ടുണ്ട്.

**ശ്ലൈഹിക സന്ദർശനം:** ഭാഗ്യവാനായ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ 1-ാം മലങ്കര സന്ദർശനവേളയിൽ പരി. പിതാവ് അരീപ്പറമ്പിലെഴുന്നുള്ളിയതിനെ ഇടവകയും, നാട്ടുകാരും അഭിമാനത്തോടെ സ്മരിക്കുന്നു. സന്ദർശനവേളയിൽ കനകജൂബിലി പാരീഷ്ഹാൾ കൂദാശ നിർവ്വഹിച്ചതും കൃതജ്ഞതയോടെയും അഭിമാനത്തോടെയും ഓർക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org